## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്റ്ററേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

**വിഷയം :-** ആ.വ.ഡ. ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. ബിജു സി. സി. ഡ്രൈവർ ഗ്രേഡ് 2ന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ 60 മുതൽ 63 വരെയുള്ള റാങ്ക് നമ്പർ പുന:ക്രമീകരിച്ച് അന്തിമമാക്കുന്നത് – സംബന്ധിച്ച്.

**സൂചന:-** 1) 29/3/2017ലെ എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/23018/2015 നമ്പർ കത്ത്.
2)അഡ്വൈസ് നം. ഇ.11(2)137/07/തീ: 23.11.2012/ജില്ലാ ആഫീസർ കെ.പി.എസ്.സി./ഇ.കെ.എം.
3)3.1.2013-ലെ എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/23315/2012 നമ്പർ ഉത്തരവ്.
4)18/9/2015ലെ ഇ.എസ്.2/7000/2015 നമ്പർ ഉത്തരവ്.
5)20.11.2017ലെ എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/23018/2016 നമ്പർ കത്ത്.

### ഉത്തരവ് നംപർ ഇ.എസ് 2/ 7000/2015/ആ.വ.ഡ തീയതി 22/6/2018

ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ചേരാനല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡ്രൈവർ ശ്രീ. ബിജു സി.സി.യുടെ റാങ്ക് സ്ഥാനം തെറ്റായിട്ടാണ് നിജപ്പെടുത്തിയതെന്നും ആയത് തിരുത്തി നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് സൂചന 1 പ്രകാരം അപേക്ഷ അയച്ചു നൽകിയിരിക്കുന്നു.

ശ്രീ. ബിജു സി.സി. സൂചന രണ്ട് പ്രകാരമുള്ള എറണാകുളം പി.എസ്.സി.യുടെ നിയമന ശുപാർശയുടെയും സൂചന 3 പ്രകാരം ഉള്ള ജില്ലാ മെഡിക്കൽ ആഫീസർ എറണാകുളത്തിന്റെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 16.1.2013ൽ രണ്ടാം ഗ്രേഡ് ഡ്രൈവറായി ജോലിയിൽ പ്രവേശിച്ചു.

വിശദമായ പരിശോധനയിൽ സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ച ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി പട്ടികയിൽ സൂചന രണ്ട്പ്രകാരം ഉള്ള പി.എസ്.സി.യുടെ അഡ്വൈസിന്റെയും സൂചന 3 പ്രകാരം ഉള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താഴെപ്പറയുന്ന ജീവനക്കാരുടെ റാങ്ക് നമ്പർ തിട്ടപ്പെടുത്തിയതിൽ അപാകതകൾ ഉണ്ടായതായി ബോധ്യപ്പെടുകയുണ്ടായി. ആയത് മേൽപ്പറഞ്ഞ പി.എസ്.സി.യുടെ അഡ്വൈസിന്റെയും നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നതിന് താത്കാലിമമായി തീരുമാനിച്ച് സൂചന 6 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ചേരനല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡ്രൈവർ ശ്രീ. ബിജു സി.സി. യുടെ റാങ്ക് തെറ്റായി നിജപ്പെടുത്തിയതും തുടർന്ന് സീനിയോറിറ്റി ലിസ്റ്റിലെ 60 മുതൽ 63 വരെയുള്ള റാങ്ക് നമ്പർ പുന:ക്രമീകരിക്കാൻ തീരുമാനിച്ചത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| നം | പേര് | ജനന തിയതി | വിദ്യാഭ്യാസം ടെക്നിക്കൽ യോഗ്യത | പി.എസ്.സി.യുടെ ശുപാർശ തിയതി സർക്കാർ ഉത്തരവ്/ഡി.എച്ച്.എസ്. ഡി.എം.ഒ എന്നിവരുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോരിറ്റി കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | Rarichan P.K. | 20/2/73 | SSLC HGMV HPMV | Adv. No EII(2) 1373/07/KPSC/Ekm/Dtd 23/11/12. A2/23315/12/DMOH/Ekm/Dtd 3/1/13 | 14/1/13 | 23/11/12 | 60 | 60 | |
| 2 | Biju C.C. | 11/4/76 | SSLC HGMV HPMV | Adv. No EII(2) 1373/07/KPSC/Ekm/Dtd 23/11/12. A2/23315/12/DMOH/Ekm/Dtd 3/1/13 | 16/1/13 | 23/11/12 | 63 | 61 | |
| 3 | Varghese K.Y. | 2/1/78 | SSLC HGMV HPMV | Adv. No EII(2) 1373/07/KPSC/Ekm/Dtd 23/11/12. A2/23315/12/DMOH/Ekm/Dtd 3/1/13 | 16/1/13 | 23/11/12 | 62 | 62 | |
| 4 | Ginish Joseph M. | 30/5/78 | SSLC HGMV HPMV | Adv. No EII(2) 1373/07/KPSC/Ekm/Dtd 23/11/12. A2/23315/12/DMOH/Ekm/Dtd 3/1/13 | 14/1/13 | 23/11/12 | 61 | 63 | |

(ഒപ്പ്)
ശ്രീ. അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്: 1) ശ്രീ. ഗിനിഷ് ജോസഫ് ശ്രീ. വർഗ്ഗീസ് കെ.വൈ. ശ്രീ. ബിജു. സി.സി.
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്